

# തെക്കെ മാരാംകോട് സെന്റ് മേരീസ് (പരിപാലനമാതാവ്) ഇടവക

തൃശൂർ ജില്ലയിൽ കപ്പത്തോടിനും കോടശ്ശേരി മലനിരയ്ക്കും ഇടയ്ക്കുള്ള ഗ്രാമമാണ് മാരാംകോട്. ഈ ഗ്രാമത്തിന്റെ തെക്കുഭാഗത്താണ് സെന്റ് മേരീസ് (പരിപാലനമാതാവിന്റെ) ദേവാലയം.

## പശ്ചാത്തലം

ഇവിടത്തെ ചെറുകിട കൃഷിക്കാരും കർഷകത്തൊഴിലാളികളും ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വിദൂരത്തുള്ള കുറ്റിക്കാട് ദേവാലയത്തെ ആശ്രയിക്കണമായിരുന്നു. യാത്ര ഏറെ ദുഷ്ക്കരമായിരുന്ന സാഹചര്യത്തിലാണ് തങ്ങളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതിനായി മാരാംകോട് ആസ്ഥാനമായി ഒരു ദേവാലയം ഉണ്ടാകണമെന്ന് ഇവിടത്തുകാർ ആഗ്രഹിച്ചത്. മാരാംകോട് നിവാസിയായ പരേതനായ കളപ്പറമ്പത്ത് തുപ്പറമ്പൻ കൊച്ചാപ്പു എന്നയാൾ 51 സെന്റ് സ്ഥലം ഒരു ദേവാലയം നിർമ്മിക്കുന്നതിനായി കുറ്റിക്കാട് പള്ളി വികാരിയുടെ പേരിൽ ദാനമായി തീറ് നല്കി.

1978 ജനുവരി മാസത്തിൽ അന്നത്തെ കുറ്റിക്കാട് പള്ളി വികാരി ബഹു. ആന്റണി ആലപ്പാട്ട് അച്ചൻ മാരാംകോട് ദേശത്ത് ദേവാലയം സ്ഥാപിക്കുന്നതിലേക്കായി സ്ഥലവാസികളുടെ ഒരു യോഗം 8.1.1978-ൽ മാരാംകോട് സെന്റ് തോമസ് കപ്പേളയിൽ വിളിച്ചുകൂട്ടുകയുണ്ടായി. ഈ യോഗത്തിൽ തുപ്പറമ്പൻ കൊച്ചാപ്പു ദാനമായി നല്കിയ ഭൂമിയോടുചേർന്ന് ഒരു ഏക്കർ ഭൂമി കൂടി ദാനമായി ലഭിക്കാൻ സാധ്യതയുണ്ടെന്ന് ബോധ്യപ്പെട്ടു. രണ്ടു പറമ്പും കൂട്ടിച്ചേർത്ത് അവിടെ പള്ളി പണിയുന്നതിനുള്ള നടപടികൾക്കായി ഏഴംഗ കമ്മിറ്റിയെ തെരഞ്ഞെടുത്ത് യോഗം ചുമതലപ്പെടുത്തി. പക്ഷേ, പ്രസ്തുത കമ്മിറ്റിയിൽപെട്ട വടക്കെ മാരാംകോട് നിന്നുള്ള പ്രതിനിധികളും, തെക്കെ മാരാംകോട് നിന്നുള്ള കമ്മിറ്റി അംഗങ്ങളും തമ്മിൽ സ്ഥലനിർണ്ണയത്തെക്കുറിച്ച് അഭിപ്രായഭിന്നതയുണ്ടായി. ഇരുവിഭാഗങ്ങളും തമ്മിൽ അകൽച്ച ഉടലെടുത്തു. ഇക്കാര്യം ശ്രദ്ധയിൽ പെട്ടപ്പോൾ പ്രശ്നപരിഹാരത്തിനായി അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവ് ഉചിതമായ നടപടി സ്വീകരിച്ചു. ഇരിങ്ങാലക്കുട രൂപതയുടെ രൂപീകരണ നടപടികൾ അന്തിമഘട്ടത്തിലെത്തിയതിനാൽ പുതിയ രൂപത നിലവിൽവന്നതിനുശേഷം മാത്രം ഈ പ്രദേശത്ത് ദേവാലയ നിർമ്മാണം നടത്തുന്നതാണ് അഭികാമ്യമെന്ന അഭിവന്ദ്യ കുണ്ടുകുളം പിതാവിന്റെ ഓർഡർ നടപടി



വൈദികമന്ദിരം & മതബോധന ഹാൾ

യായി സ്വീകരിക്കുകയും ചെയ്തു.

## ദേവാലയം

17.11.1978-ൽ ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ തിരുമേനി ഇവിടെവന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ഇവിടെ ദേവാലയം ആവശ്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. ഇതിനകം നിർമ്മാണം ആരംഭിച്ച സെന്റ് ജോസഫ്സ് പള്ളിയിൽ നിന്ന് ഒരു കിലോമീറ്റർ ദൂരെ ഒരു ഏക്കർ സ്ഥലം രൂപതയുടെ പേരിൽ തീറുകൊടുത്ത് പുറമേനിന്ന് യാതൊരുവിധ സംഭാവനകളും പിരിച്ചെടുക്കാതെ പള്ളിനിർമ്മാണം നടത്തണമെന്ന ഉപാധികളോടെ ദേവാലയനിർമ്മാണത്തിന് അനുമതി നല്കി. ഈ വ്യവസ്ഥകൾ സ്വീകരിച്ചുകൊണ്ട് മാളിയേക്കൽ മാളക്കാരൻ കുടുംബത്തിലെ ശ്രീ. കുഞ്ഞുവറീത് കൊച്ചുമാത്തു, ശ്രീ. ഔസേഫ് ഇട്ടീര, ശ്രീ. ഇട്ടീര കുഞ്ഞുവറീത്, ശ്രീ. ഔസേഫ് ദേവസ്സിക്കുട്ടി എന്നിവർ ചേർന്ന് ഒരേക്കർ സ്ഥലം പള്ളിപണിക്കായി ദാനംചെയ്തു. അങ്ങനെ 08.01.1979-ൽ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ തിരുമേനി ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. മുൻപ് പള്ളിക്കുവേണ്ടി ദാനമായി കിട്ടിയ സ്ഥലം ലേലം ചെയ്ത് വില്ക്കുകയും കിട്ടിയ തുക ഇരുപള്ളികൾക്കായി വീതിച്ചുനല്കുകയും ചെയ്തു. അതോടൊപ്പം, വടക്കെ മാരാംകോട്ടുള്ള സെന്റ് തോമസ് കപ്പേളയിലെ അവകാശം തെക്കെമാരാംകോട് പള്ളി പ്രദേശക്കാർ ഉപേക്ഷിക്കുകയും ചെയ്തു.

നീണ്ട 9 വർഷത്തെ നിരന്തര തപസ്യയുടെ ഫലമായി 1988 ജൂൺ 19-ാം തിയ്യതി തെക്കെ മാരാംകോട് സെന്റ് മേരീസ് ദേവാലയത്തിന്റെ കൂദാശാകർമ്മം മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു.

## ഇടവക

27.01.1991-ൽ അഭിവന്ദ്യ പിതാവ് 35/91 നമ്പർ കൽപന പ്രകാരം തെക്കെ മാരാംകോട് പരിപാലന മാതാവിന്റെ നാമധേയത്തിലുള്ള ദേവാലയത്തെ ഒരു ഇടവകയായി പ്രഖ്യാപിക്കുകയും പള്ളിയോടു ചേർന്നുള്ള സിമിത്തേരിയുടെ വെഞ്ചിരിപ്പ് നടത്തുകയുംചെയ്തു. കുറ്റിക്കാട് ഫൊറോനപള്ളി വികാരിയായിരുന്ന പെരിയ ബഹു. ഇഗ്നേഷ്യസ് ചുങ്കത്ത് അച്ചനായിരുന്നു പ്രഥമ വികാരി. 26.10.2003-ൽ വേദോപദേശ ക്ലാസുകളുടെ സൗകര്യാർത്ഥം മതബോധനഹാളും വൈദികമന്ദിരവും പണിയുകയുണ്ടായി. പിന്നീട് നവീകരിച്ച ദേവാലയത്തിന്റെ കുദാശകർമ്മം 18.5.2008-ൽ അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

## വികാരിമാർ

### ഇടവക പ്രഖ്യാപനത്തിനുമുമ്പ്

റവ. ഫാ. ആന്റണി ആലപ്പാട്ട് (Jr.) (1977-78), റവ. ഫാ. ജോൺ വാഴപ്പിള്ളി (Sr.) (1978-80), റവ. ഫാ. ജോബ് ചിറ്റിലപ്പിള്ളി (1980-84), റവ. ഫാ. ജോസഫ് മാളിയേക്കൽ (1984-87), റവ. ഫാ. ജോൺ എടാട്ടുകാരൻ (1987-89), റവ. ഫാ. ജോസ് കാനംകുടം (1989), റവ. ഫാ. ഇഗ്നേഷ്യസ് ചുങ്കത്ത് (1989-91) പ്രഥമ വികാരി.